(എ) ഒൻപതാം പദ്ധതിക്കാലത്ത് റോഡ് വികസനത്തിനുവേണ്ടി എന്തു തുകയാണ് വകയിരുത്തിയത്;

(ബി) അതിൽ എന്തുതുക ചെലവഴിച്ചു;

(സി) പദ്ധതിക്കാലത്ത് പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം നേടുവാൻ കഴിഞ്ഞു?

ഉത്തരം

(എ—സി) ദേശീയപാതാവിഭാഗത്തിൽ 4130.49 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 2542.81 ലക്ഷം രൂപ ചെലവഴിച്ചു—61.56%. റോഡുകളും പാലങ്ങളും വിഭാഗത്തിൽ 775.96 കോടി രൂപ വകയിരുത്തിയതിൽ 746.8 കോടി ചെലവഴിച്ചു—96%.

സി.ആർ.എഫ്. ഉപയോഗിച്ചുള്ള റോഡുകൾ

34 [5011] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം സി.ആർ.എഫ്. ഉപയോഗിച്ചുള്ള എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം റോഡുകളാണ് അതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) താഴെപ്പറയുന്ന റോഡുകൾ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്;

1. തിരുവനന്തപുരം എം.എൽ.എ. ക്വാർട്ടേഴ്സു മുതൽ എൻ.എച്ച്. ബൈപ്പാസു വരെയുള്ള റോഡ്.
2. പ്രാവച്ചമ്പലം-ഊരുട്ടമ്പലം-മലയിൻകീഴ് റോഡ്.
3. കടമ്പനാട്-മണ്ണടി-ഏനാത്ത്-എഴംകുളം റോഡ്.
4. കല്ലടുക്ക-ചെർക്കുള റോഡ്.

റോഡ് വികസനത്തിനുവേണ്ടി കരാർ

35 [5012] ശ്രീ. വി. ഡി. സതീശൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് വികസനത്തിനുവേണ്ടി ലോകബാങ്കുമായി ഒരു കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ;

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5010-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly